## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2201      09.03.2018-ൽ മറുപടിയ്ക്ക്

### കിർത്താഡ്സിന്റെ പ്രവർത്തനം

ചോദ്യം

ശ്രീ.കെ.എസ്.ശബരീനാഥൻ
ശ്രീ.അനൂപ് ജേക്കബ്
ശ്രീ.അടൂർ പ്രകാശ്

മറുപടി

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | കിർത്താഡ്സിന്റെ പ്രവർത്തനം വിശദീകരിക്കാമോ; | എ) | കിർത്താഡ്സിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം അനുബന്ധം - I ആയി ചേർക്കുന്നു. |
| ബി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ ഏതൊക്കെ നിർദ്ദേശങ്ങളാണ് കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ സർക്കാരിന് മുമ്പാകെ സമർപ്പിച്ചിരിക്കുന്നത്; വിശദീകരിക്കാമോ; | ബി) | പട്ടികജാതി ഗവേഷണ പരിശീലന പ്രവർത്തനങ്ങൾക്ക് കിർത്താഡ്സിന് ഫണ്ട് ലഭ്യമല്ല. പട്ടികവർഗ്ഗ ജനതയുടെ ഗവേഷണ, വികസന പഠന പരിശീലന പരിപാടികളാണ് വകുപ്പിന്റെ പ്രധാന പ്രവർത്തന മേഖല. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ കഴിഞ്ഞ രണ്ടു വർഷങ്ങളിൽ കിർത്താഡ്സ് സമർപ്പിച്ച റിപ്പോർട്ടുകളുടെ വിശദാംശം അനുബന്ധം - II ആയി ചേർക്കുന്നു. |
| സി) | കിർത്താഡ്സിന്റെ നേതൃത്വത്തിൽ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര യുവാക്കൾക്ക് പരിശീലനങ്ങൾ നൽകാൻ സാധിച്ചിട്ടുണ്ട്? | സി) | ട്രൈബൽ സബ് പ്ലാൻ (ടി.എസ്.പി) ഫണ്ട് ഉപയോഗിച്ച് പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു മാത്രമായുള്ള പരിശീലന പരിപാടികളാണ് കിർത്താഡ്സ് നടത്തുന്നത്. കഴിഞ്ഞ രണ്ട് വർഷങ്ങളിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 406 യുവാക്കൾക്കും, 516 യുവതികൾക്കും വിവിധ മേഖലകളിലായി പരിശീലനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങളെക്കുറിച്ചും, അവരുടെ ഉന്നമനത്തിനായി സർക്കാരും മറ്റ് ഏജൻസികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്ന വിവിധ പദ്ധതികളെപ്പറ്റിയും അടിസ്ഥാനപരമായ ഗവേഷണ പഠനങ്ങൾ നടത്തുക, വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, വിവിധ പദ്ധതികൾ കൊണ്ടുള്ള പ്രയോജനം ഈ വിഭാഗക്കാർക്ക് എത്രമാത്രം ലഭ്യമായി എന്നതിനെക്കുറിച്ച് വിലയിരുത്തൽ നടത്തുക, വ്യാജ ജാതി സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് സംവരണാദി ആനുകൂല്യങ്ങൾ അന്യസമുദായക്കാർ തട്ടിയെടുക്കുന്നത് തടയുന്നതിനുള്ള അന്വേഷണ റിപ്പോർട്ടുകൾ തയ്യാറാക്കുക, പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ സാംസ്കാരിക പൈതൃക സംരക്ഷണം എന്നിവയാണ് കിർത്താഡ്സിന്റെ മുഖ്യ ചുമതലകൾ.

ഇതിനു പുറമെ വംശീയ വൈദ്യം പ്രോത്സാഹിപ്പിക്കുന്നതിനായി വംശീയ വൈദ്യ മേഖലയുമായി ബന്ധപ്പെട്ട ഗവേഷണ പ്രവർത്തനങ്ങൾ, പരിശീലന പരിപാടികൾ, ശില്പശാലകൾ നടത്തുക എന്നതും സർക്കാർ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വേണ്ടി നടപ്പിലാക്കുന്ന വിവിധ പദ്ധതികളെക്കുറിച്ചും അവ പ്രായോഗികതലത്തിൽ ഗുണപ്രദമായി ഉപയുക്തപ്പെടുത്തുന്നതിനെക്കുറിച്ചും വളരെ ലളിതമായി പരിശീലനങ്ങളിലൂടെ സമുദായങ്ങളിലെത്തിക്കുക എന്നതും ഈ വകുപ്പിന്റെ പ്രവർത്തന മേഖലയാണ്. പട്ടികജാതി/പട്ടികവർഗ്ഗ സമുദായാംഗങ്ങൾക്ക് വിവിധ മേഖലകളിൽ പരിശീലനം നൽകുന്നതോടൊപ്പംതന്നെ പട്ടികജാതി/പട്ടികവർഗ്ഗ മേഖലയുടെ ഉന്നമനത്തിനും വികാസത്തിനും വേണ്ടി പ്രവർത്തിക്കുന്ന ഗവൺമെന്റ് ഗവൺമെന്റേതിര ഉദ്യോഗസ്ഥർക്കും അദ്ധ്യാപകർക്കും സാമൂഹ്യ പ്രവർത്തകർക്കുംമെല്ലാം പരിശീലനങ്ങൾ സംഘടിപ്പിക്കാറുണ്ട്. കൂടാതെ സംസ്ഥാനത്തിലെ പട്ടികവർഗ്ഗ ജനസമൂഹങ്ങളുടെ സാംസ്കാരിക വൈവിധ്യവും ബഹുസ്വരതയും പൊതുസമൂഹത്തെ അറിയിക്കുന്നതിനും അവ നിലനിറുത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി എത്തോലോജിക്കൽ മ്യൂസിയവും ആദികലാകേന്ദ്രവും വകുപ്പിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമെ പട്ടികജാതി / പട്ടികവർഗ്ഗ വികസന വകുപ്പുകൾ, സർക്കാരിന്റെ മറ്റ് വകുപ്പുകൾ/ഏജൻസികൾ എന്നിവ ചുമതലപ്പെടുത്തുന്ന പ്രവർത്തനങ്ങളും നടത്താറുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം -II

- പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ സാങ്കേതികത്വം പരിശോധിക്കുന്നതിന് വേണ്ടി സാങ്കേതിക വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് ഓഫീസുകളുടെ പ്രവർത്തനം വിപുലീകരിക്കേണ്ടതുണ്ട്.
- പെസ നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിച്ചു
- പട്ടിക വർഗ്ഗ ജനതയുടെ സമഗ്ര വികസനത്തിനായി വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ തമ്മിലുള്ള ഏകോപനം സാധ്യമാക്കേണ്ടതുണ്ട്.
- അഭ്യസ്തവിദ്യരായ യുവജനങ്ങളുടെ തൊഴിൽ സാധ്യത വിപുലപ്പെടുത്തുന്നതിന് നൈപുണ്യ വികസന പദ്ധതികൾ രൂപീകരിക്കാവുന്നതാണ്.
- പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ കാർഷികവൃത്തി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾക്ക് ഊന്നൽ നൽകണം.
- വിദ്യാർത്ഥികൾക്ക് പ്രത്യേക നൈപുണ്യ പരിശീലന പരിപാടി സംഘടിപ്പിക്കേണ്ടതുണ്ട്.
- സാമ്പത്തിക വികസനത്തിന് ഊന്നൽ നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.
- പട്ടികജാതി / പട്ടികവർഗ്ഗ സമുദായങ്ങളുടെ സംവരണ ശതമാനം ഭരണഘടനാപരമായി ജനസംഖ്യാനുപാതികമായി വർദ്ധിപ്പിക്കേണ്ടതുണ്ട്.
- പദ്ധതികളുടെ അവലോകനത്തിൽ ബന്ധപ്പെട്ട എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരേയും അനുയോജ്യ തലത്തിൽ വിളിച്ചുകൂട്ടി വിജയിച്ച പദ്ധതികൾ, തടസ്സങ്ങളുടെ കാരണം, നിർവ്വഹണം നടത്താത്തവ, ഊരുകൂട്ടങ്ങളിൽ നിന്നും വന്ന നിർദ്ദേശങ്ങളിൽ ഉൾപ്പെടാത്തവ, നടത്തിയത് തുടങ്ങിയ കാര്യങ്ങൾ ബോധ്യപ്പെടുത്തേണ്ടതാണ്. മൂന്നുമാസത്തിലൊരിക്കൽ പുരോഗതി വിലയിരുത്തി ഇനി പൂർത്തിയാക്കേണ്ട പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും അവ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ എടുക്കേണ്ടതും ആവശ്യമാണ്.

- പദ്ധതികളുടെ ആസൂത്രണ നടത്തിപ്പ്, മേൽനോട്ടം എന്നിവ അഴിമതി രഹിതവും, സമയബന്ധിതമായും ഊരു നിവാസികളുടെ പങ്കാളിത്ത ത്തോടും നടപ്പിലാക്കാൻവേണ്ടി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും നിയുക്തരായ ഉദ്യോഗസ്ഥർ ഒരു നോഡൽ ഏജൻസിയായി പ്രവർത്തി ക്കേണ്ട താണ്.

- സങ്കേതങ്ങളിലെ എല്ലാ മുതിർന്നവരേയും ഉൾപ്പെടുത്തി 'നാട്ടുകൂട്ടം' എന്ന പേരിലോ, മറ്റേതെങ്കിലും പേരിലോ ഒരു സമിതി രൂപീകരിക്കാവു ന്നതാണ്. ഓരോ സങ്കേതത്തിലേക്കു മാത്രമായി സോഷ്യൽവർക്ക് /നര വംശശാസ്ത്രം /സാമൂഹ്യശാസ്ത്രം എന്നിവയിൽ ബിരുദാനന്തര ബിരു ദമുള്ള ഒരു ഫെസിലിറ്റേറ്ററെ നിയമിക്കേണ്ടതാണ്. നാട്ടുകൂട്ട സമിതി യുടെ മേൽനോട്ടത്തിൽ അടിസ്ഥാന സൗകര്യവികസനം, വീട്, കുടി വെള്ള പദ്ധതി തുടങ്ങിയവയുടെ നിർമ്മാണം അവലോകനം ചെയ്യേ ണ്ട താണ്.

- നാട്ടുകൂട്ട സമിതിയുടെ മേൽനോട്ടത്തിൽ സങ്കേതങ്ങളിലെ കുട്ടി കൾക്കായി ഒരു പഠനവീട് സജ്ജമാക്കുക. ഫെസിലിറ്റേറ്റർമാരുടെ സേവനം ഏറ്റവും കൂടുതൽ ഉപയോഗപ്പെടുത്തേത് കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്ന തരത്തിലായിരിക്കണം.

- ഗോത്ര സങ്കേതങ്ങളിൽ കുടുംബശ്രീ സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതമാക്കേണ്ടതുണ്ട്. ആയത് സ്ത്രീകളെ ശാക്തീകരിക്കുന്നതിനും വരുമാനദായക സംരംഭകത്വം തുടങ്ങുന്നതിനും സഹായകമാണ്.

- ഗോത്ര ജനതയുടെ സാംസ്ക്കാരിക വൈവിധ്യം നിലനിറുത്തുന്ന തിനും പരിപോഷിപ്പിക്കുന്നതിനും അവയെക്കുറിച്ച് മറ്റു ജനവിഭാഗ ങ്ങൾക്ക് അറിവ് നൽകുന്നതിനും ഗോത്ര വർഗ്ഗക്കാരുടെ കലകളെ സംര ക്ഷിക്കുന്നതിനും കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന സ്ക്കൂൾ യുവജനോത്സവത്തിൽ പട്ടികവർഗ്ഗക്കാരുടെ തനത് കലാരൂപങ്ങൾ മത്സര ഇനമായി ഉൾപ്പെടുത്തുന്നതിനുള്ള റിപ്പോർട്ട് സമർപ്പിച്ചു. പട്ടികവർഗ്ഗക്കാരുടെ തനത് കലാരൂപങ്ങൾ മത്സര ഇന മാക്കുന്നതിനാവിശമായ മാനുവലിന്റെ കരട് തയ്യാറാക്കി.

**ഗവേഷണ പഠനങ്ങളുടെ വെളിച്ചത്തിൽ കഴിഞ്ഞ രണ്ട് വർഷങ്ങളിൽ പഠനങ്ങൾക്കായി/പരിപാടികൾക്കായി സമർപ്പിച്ച പ്രധാനപ്പെട്ട പ്രപ്പോസലുകൾ ചുവടെ കൊടുക്കുന്നു.**

- ഗോത്ര ജനസമൂഹങ്ങളുടെ ഭാഷാ സംരക്ഷണത്തിനായി ബെട്ട (വെളിച്ചം) എന്ന പേരിൽ വയനാട്ടിലെ പണിയ ഗോത്ര ഭാഷയുടെ കൈപുസ്തകം കാണി സമുദായക്കാരുടെ ദ്വിഭാഷ നിഘണ്ടു എന്നിവ തയ്യാറാക്കൽ.
- പണിയൻ ഗോത്ര ഭാഷയുടെ പുരോഗതിക്കായി ലിപി തയ്യാറാക്കൽ
- ഗോത്ര ജനസമൂഹങ്ങളിലെ ജനിതക രോഗങ്ങളായ സിക്കിൾ സെൽ അനീമിയുടെയും മറ്റും വ്യാപനം തടയുന്നതിനായി സിക്കിൾ സെൽ അനീമിയ ബാധിതരായ കുട്ടികൾക്കും രക്ഷിതാക്കൾക്കും അവബോധ പരിപാടികൾ സംഘടിപ്പിക്കൽ
- ഗോത്ര ജനവിഭാഗങ്ങളിലെ ലഹരി പദാർത്ഥങ്ങളുടെ അമിത ഉപയോഗം തടയുന്നതിലേക്ക് ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വരുത്തുന്ന സാമൂഹിക, സാമ്പത്തിക, ആരോഗ്യ,. കുടുംബ പ്രശ്നങ്ങളെക്കുറിച്ച് ഗോത്ര ജനസമൂഹങ്ങൾക്ക് അറിവ് നൽകുന്നതിന് സങ്കേതതല കലാ അവതരണ പരിപാടികൾ ആസൂത്രണം ചെയ്യൽ.
- പണിയൻ, അടിയാൻ, ചോലനായിക്കൻ, അരനാടൻ തുടങ്ങി പിന്നോക്കാവസ്ഥ അഭിമുഖീകരിക്കുന്ന ഗോത്ര സമുദായംഗങ്ങൾളിൽ നേതൃത്വ ശേഷി വർദ്ധിപ്പിക്കുന്നതിനായി പരിപാടികൾ സംഘടിപ്പിക്കൽ.
- ഗ്രാമപഞ്ചായത്തുകളിലെ പട്ടികവർഗ്ഗ ജനപ്രതിനിധികളുടെ നേതൃത്വപരവും അല്ലാത്തതുമായ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനാവിശ്യമായ പരിപാടി സംഘടിപ്പിക്കൽ
- മലപ്പുറം ജില്ലയിലെ നിലമ്പൂർ വനമേഖലയിൽ അധിവസിക്കുന്ന ചോലനായിക്കർക്ക് വനവിഭവ ശേഖരണത്തോടൊപ്പം മുളയധിഷ്ഠിത ഉൽപ്പന്ന നിർമ്മാണത്തിൽ പരിശീലന നൽകുന്നത് അവരുടെ ജീവിത നലിവാരം മെച്ചപ്പെടുത്തുന്നതിന് സഹായകമാണ്. ആയതിലേക്ക് സംരംഭകത്വ പരിപാടി ആസൂത്രണം ചെയ്യൽ.

Harippriya
റെവ്ഡിൻ ഓഫീസർ